**ചീഫ് ടൗൺ പ്ലാനറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം :- നഗര-ഗ്രാമാസൂത്രണ വകുപ്പ് - ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം, തിരുവനന്തപുരം - സാങ്കേതിക വിഭാഗം - കൊല്ലം ജില്ല - ചടയമംഗലം ഗ്രാമപഞ്ചായത്ത് - ചടയമംഗലം വില്ലേജ് - **പെട്രോൾ ഫില്ലിംഗ് സ്റ്റേഷൻ നിർമ്മാണം** - ലേ ഔട്ട് അംഗീകാരം - നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. ചടയമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27-08-2019-ലെ ബി2-3658/2019 നമ്പർ കത്ത്.

2. കൊല്ലം ടൗൺ പ്ലാനറുടെ 18-09-2019 -ലെ TCPKLM/741/2019-C നമ്പർ കത്ത്.

================================================================

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ് നമ്പർ. **TCPCTP/2202/2019-C3** തീയതി: **05/10/2019**

================================================================

കൊല്ലം ജില്ലയിലെ ചടയമംഗലം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ചടയമംഗലം വില്ലേജിൽ ബ്ലോക്ക് 39-ൽ റീസർവ്വേ നമ്പർ. 140/1-ൽ ഉൾപ്പെട്ട 501 ചതുരശ്ര മീറ്റർ സ്ഥലത്ത് സെയിൽസ് ബിൽഡിംഗ് (16 ചതുരശ്ര മീറ്റർ, കനോപ്പി 88 ചതുരശ്ര മീറ്റർ ഉൾപ്പെടെ 104 ചതുരശ്ര മീറ്റർ വരുന്ന **പെട്രോൾ ഫില്ലിംഗ് സ്റ്റേഷൻ നിർമ്മാണ**ത്തിന് കെട്ടിട നിർമ്മാണ ചട്ട പ്രകാരമുള്ള (കെ.പി.ബി.ആർ.61(9)) അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ **ശ്രീമതി. ഇന്ദിരാമ്മ**, പ്ലാക്കോട് പുത്തൻ വീട്ടിൽ, പോരേടം .പി.ഒ., ചടയമംഗലത്തിന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .പി.ബി.ആർ. 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനങ്ങൾ:-**

1. കെ.പി.ബി.ആർ .2011-ലെ ചട്ടം 11(1) പ്രകാരം നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ , സർവ്വേ നമ്പർ , വിസ്തൃതി, അളവുകൾ, അതിരുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ ടി പ്ലോട്ടിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ലെന്നും, നിർമ്മാണം നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പാലിച്ചു കൊണ്ടാണ് നടത്തുന്നതെന്നും സെക്രട്ടറി ഉറപ്പാക്കണം.
2. പെട്രോൾ ടാങ്കിന്റെയും വെന്റ് പൈപ്പിന്റെയും സ്ഥാനവും നിർമ്മാണവും നിലവിലുള്ള പെട്രോളിയം ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം.
3. പെട്രോൾ പമ്പിന്റെ ഉപയോഗം മൂലം പൊതു ഗതാഗതത്തിന് തടസ്സം സൃഷ്ടിക്കുന്നില്ലെന്ന് ഉറപ്പുവരുത്തണം.

4. കെ.പി.ബി.ആർ. 2011-ലെ ചട്ടം 61(6) പ്രകാരം അഗ്നിശമനസേന ഡയറക്ടറുടെ എൻ.ഒ.സി.യും ചട്ടം 61(9) പ്രകാരം ജില്ലാ കളക്ടറുടെ അംഗീകാരവും ലഭ്യമാക്കിയിരിക്കണം.
5. ചട്ടം 61(16) പ്രകാരം ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങളും ചട്ടം 61(17) പ്രകാരം ടി നിർമ്മാണത്തിന്റെ ഉപയോഗം മൂലമുണ്ടാകുന്ന മലിന ജലം ശുദ്ധീകരിച്ച് പൂർണ്ണമായും പുനരുപയോഗിക്കുന്നതിനാവശ്യമായ ശുചീകരണ വിതരണ സംവിധാനവും നൽകിയിരിക്കണം.
6. 61(8) പ്രകാരം നൽകേണ്ട ശുചീകരണ സൗകര്യങ്ങൾ നൽകിയിരിക്കണം.
7. നിർദ്ദിഷ്ട നിർമ്മാണം കെ.പി.ബി.ആർ. 2011-നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 109/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു</u>

**(ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം)**

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ.

**പി.ആർ.ജയശ്രീ.**
ടൗൺ പ്ലാനർ

**സെക്രട്ടറി**
ചടയമംഗലം ഗ്രാമപഞ്ചായത്ത്.

<u>പകർപ്പ്:-</u>

1. ശ്രീമതി.ഇന്ദിരാമ്മ,
 പ്ലാക്കോട് പുത്തൻ വീട്,
 പോരേടം.പി.ഒ., ചടയമംഗലം.
2. ടൗൺ പ്ലാനർ, കൊല്ലം.
3. വെബ് സൈറ്റ്. 4. കരുതൽ ഫയൽ.
5. അധികം.